**പതിനാലാം കേരളനിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 138** | **23.01.2018-ൽ മറുപടിക്ക്**

## കൂത്തുപറമ്പ് പോലീസ് സ്റ്റേഷൻ അക്രമണം

| ചോദ്യം<br>ശ്രീ.ജെയിംസ് മാത്യു | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) കൂത്തുപറമ്പ് പോലീസ് സ്റ്റേഷനിൽ അറസ്റ്റ് ചെയ്യപ്പെട്ട ക്രിമിനലുകളെ മോചിപ്പിക്കുന്നതിനായി ആർ.എസ്.എസ്. നടത്തിയ ബോംബേറുമായി ബന്ധപ്പെട്ട് ബോംബ് സ്ക്വാഡും, പോലീസും നടത്തിയ അന്വേഷണത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) കൂത്തുപറമ്പ് പോലീസ് സ്റ്റേഷൻ ക്രൈം നം. 835/2017 കേസ്സിലെ 1-ാം പ്രതി പ്രേംജിത്ത്, രണ്ടാം പ്രതി നിധീഷ്, 6-ാം പ്രതി ശ്രീനിലേഷ് എന്നിവരെ കസ്റ്റഡിയിലെടുത്ത് കൂത്തുപറമ്പ് സ്റ്റേഷനിൽ കൊണ്ടുവന്നിട്ടുള്ളതും സംഭവമറിഞ്ഞ് ഒരു കൂട്ടം ബി.ജെ.പി. പ്രവർത്തകർ സ്റ്റേഷൻ പരിസരത്ത് തടിച്ചുകൂടുകയും സ്റ്റേഷൻ കോമ്പൗണ്ടിനോട് ചേർന്നുള്ള വസ്തുവകകൾക്ക് നാശനഷ്ടമോ ആളപായമോ വരുത്തണമെന്നുള്ള ഉദ്ദേശ്യത്തോടും കരുതലോടും കൂടി ബോംബെറിഞ്ഞ് സ്ഫോടനം നടത്തിയിട്ടുള്ളതാണ്.<br><br>ടി സംഭവത്തിന് കൂത്തുപറമ്പ് പി.എസ്.ക്രൈം നം. 1028/2017 U/s. 3 & 5 of ES Act ആയി കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. പ്രതികളെ കണ്ടെത്തുന്നതിനായി സംഭവസ്ഥലത്തെ വിവിധ മൊബൈൽ ടവറുകളിൽ നിന്നുള്ള കോൾ വിവരങ്ങൾ ശേഖരിച്ചും സാക്ഷികളെ ചോദ്യം ചെയ്തും, സയന്റിഫിക് അസിസ്റ്റന്റിന്റെ സഹായത്താൽ സംഭവസ്ഥലത്ത് കാണപ്പെട്ട ബോംബിന്റെ അവശിഷ്ടങ്ങൾ ബന്തവസ്സിലെടുത്ത് പരിശോധനയ്ക്ക് അയച്ചിട്ടുള്ളതുമാകുന്നു. |
| (ബി) ഇത്തരം അക്രമ സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനായി കുറ്റക്കാരെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) കുറ്റക്കാരെ കണ്ടെത്തുന്നതിനുള്ള അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കുറ്റക്കാരെന്ന് കണ്ടെത്തുന്നവർക്കെതിരെ കർശന ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ